## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2062 — 17.02. 2016 ൽ മറുപടിക്ക്

### ലാഭപ്രഭ

| ചോദ്യം<br>ശ്രീ. കെ.എൻ.എ.ഖാദർ | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിന് ആവിഷ്കരിച്ച ലാഭപ്രഭ പദ്ധതി വിജയകരമാണെന്ന് കരുതുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; നാളിതുവരെ ഇതിനായി എന്തു തുക ചെലവഴിച്ചു; | (ബി) 2013 മാർച്ച് 23-ന് ആരംഭിച്ച് മെയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ ലാമ്പുകളും ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകളും വിതരണം ചെയ്തിട്ടുണ്ട്. ലാഭപ്രഭ സീസൺ-2-ലെ ഗുണഭോക്താക്കൾക്ക് സമ്മാന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. 2013 ലാഭപ്രഭ സീസൺ-1-ൽ സമ്മാനം നല്കുന്നതിനായി 80,00,000/- രൂപ ചെലവായിട്ടുണ്ട്. 2014 മെയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ-2-ന്റെ പ്രചാരണത്തിനുൾപ്പെടെ മൊത്തം 12.5 കോടി രൂപയാണ് വകയിരുത്തിയത്. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയുടെ വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (സി) പദ്ധതി പ്രകാരം വൈദ്യുതി ഉപഭോഗത്തിലുണ്ടായ യൂണിറ്റിന്റെ ലാഭമാണ് കണക്കാക്കിയത്. 2013 മാർച്ച് 23-ന് ആരംഭിച്ച് മെയ് 31 ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 2280750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2014 മാർച്ച് 1 മുതൽ മെയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 2 കാമ്പയിൻ പീരിയഡിൽ മാർച്ചിൽ 10.77% അധിക വൈദ്യുതി ഉപഭോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ മെയ് |

| | |
|---|---|
| | മാസത്തിൽ അത് 8.02 ശതമാനമായി കുറയുകയും 9.47 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തുകയും ചെയ്തു. |
| (ഡി) പ്രസ്തുത പദ്ധതിപ്രകാരം വൈദ്യുതി ലാഭിച്ചതായി അവകാശപ്പെടുന്ന ഉപഭോക്താക്കളെ പദ്ധതി പ്രകാരമുള്ള ഗുണഭോക്താവായി തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കാമോ; | (ഡി) ഫെബ്രുവരി വരെയുള്ള വൈദ്യുതിബില്ലും അതിനുശേഷമുള്ള വൈദ്യുതി ബില്ലും തമ്മിൽ താരതമ്യപ്പെടുത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. |
| (ഇ) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ലെന്ന ഉപഭോക്താക്കളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും പദ്ധതിയുടെ ലക്ഷ്യം സാക്ഷാൽകരിക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) സമ്മാന വിതരണത്തിലുണ്ടായ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ച് നടപ്പിലാക്കാൻ അതാത് സർക്കിൾ ഓഫീസുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ